ഇലക്ട്രിസിറ്റി ബോർഡിന്റെ ബാദ്ധ്യതകൾ

109 (1650) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ സാദ്ധ്യതകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഏറ്റവും ഒടുവിലത്തെ സ്ഥിതിയനുസരിച്ചുള്ള ബാദ്ധ്യതകൾ എത്ര ;

(സി) ആഭ്യന്തര വിഭവ സമാഹരണത്തിലൂടെ ഈ കാലയളവിൽ എന്തു തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000-2001-ലെ ബോർഡിന്റെ വാർഷിക കണക്കുപ്രകാരം 31-3 -2001-ൽ ബോർഡിന്റെ കടം (സർക്കാർ വായ്പ ഉൾപ്പെടെ) 4,571.41 കോടി രൂപയാണ്.

(ബി) 2002-2003-ലെ വാർഷിക കണക്കുകൾ തയ്യാറായി വരുന്നതേയുള്ളു. ബോർഡിന്റെ 2001-2002-ലെ വാർഷിക കണക്കുപ്രകാരം 31-3-2002-ലെ ബോർഡിന്റെ കടം (സർക്കാർ വായ്പ ഉൾപ്പെടെ) 4771.90 കോടി രൂപയാണ്.

(സി)

വർഷം	വൈദ്യുതി വിറ്റുവരവ് (രൂപ കോടിയിൽ)	ഒ.വൈ. ഇ. സി	മറ്റിനം
2000-2001	1,811.13	106.46	40.52
2001-2002	1,994.33	97.19	47.52

2002-2003-ലെ കണക്കുകൾ തയ്യാറായി വരുന്നതേയുള്ളു.

വൈദ്യുതി ബോർഡിന്റെ കടം വർദ്ധിക്കാനുള്ള കാരണം

110 (1651) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. അടൂർപ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ബോർഡിന്റെ കടം വർദ്ധിക്കുവാൻ കാരണമെന്ത് ;

(ബി) ഈ കാലയളവിൽ ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളുടെ കപ്പാസിറ്റി എത്ര കണ്ട് വർദ്ധിച്ചു ;

(സി) ഈ കാലയളവിൽ ബോർഡ് എടുത്ത വായ്പയെത്ര എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly